LIBRARY ARCHIVES Kerala Legislative Assembly

റിസ്ക് ഫണ്ട് പദ്ധതി

8(*188) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിസ്ക് ഫണ്ട് പദ്ധതി പ്രകാരം സഹകാരികളിൽ നിന്ന് യഥാസമയം പണം പിടിച്ചടയ്ക്കാത്തതുമൂലം ആനുകൂല്യം ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

റിസ്ക് ഫണ്ട് പദ്ധതി പ്രകാരം സഹകാരികളിൽ നിന്ന് യഥാസമയം പണം പിടിച്ചടയ്ക്കാത്തതുമൂലം പദ്ധതിയുടെ ആനുകൂല്യം ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംഘത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണ സമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുന്നതാണെന്ന വ്യവസ്ഥ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്തിട്ടുണ്ട്.

ബ്രഹ്മപുരത്ത് വാതകാധിഷ്ഠിത വൈദ്യുത ഉൽപ്പാദനം

9(*189) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരത്ത് വാതകാധിഷ്ഠിത വൈദ്യുത ഉൽപ്പാദനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;. ഉണ്ടെങ്കിൽ ഇതിനായി എത്ര ഭൂമി ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) വാതകാധിഷ്ഠിത വൈദ്യുതോല്പാദനം വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിന്റെ (BDPP) രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി വാതകാധിഷ്ഠിത ജനറേറ്ററുകൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡ് ടി പ്രവൃത്തിയുടെ നിർവ്വഹണത്തിനുവേണ്ടി അടങ്കൽ കണക്കാക്കിയതും ദർഘാസുകൾ സ്വീകരിച്ചതും സാങ്കേതിക വിദ്യയായ Engine based plant, Gas turbine based plant എന്നിവ പരാമർശിക്കാതെയായതിനാൽ ഇപ്രകാരം കണക്കാക്കിയിട്ടുള്ള അടങ്കൽ തുക 171 കോടി രൂപയായിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണത്തിനായി Engine based open cycle ടെക്നോളജിയിൽ അധിഷ്ഠിതമായതും 104 കോടി രൂപയ്ക്കുള്ളതുമായ ദർഘാസ് ആണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് അംഗീകരിച്ചത്. ബ്രഹ്മപുരം ഡീസൽ നിലയത്തിലെ നിലവിൽ പ്രവർത്തന സജ്ജമല്ലാത്ത രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം വാതകമാക്കി മാറ്റിയ എൽ. എൻ. ജി. ഉപയോഗിച്ച് ഏകദേശം 39.86 മെഗാവാട്ട് ശേഷിയുള്ള ഗ്യാസ് അധിഷ്ഠിത ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ വിളിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ബ്രഹ്മപുരം ഡീസൽ നിലയത്തോട് അനുബന്ധമായി ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഏകദേശം 400 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന വാതകാധിഷ്ഠിത കമ്പയിൻഡ് സൈക്കിൾ പവർ പ്രോജക്ടിന്റെ പാരിസ്ഥിതിക ആഘാതവുമായി ബന്ധപ്പെട്ട പഠനം ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭഗവതി അനാലാബ്സ് (പ്രൈവറ്റ് ലിമിറ്റഡ്) എന്ന കൺസൾട്ടൻസി നടത്തിവരുന്നു.

(ബി) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (K.S.E.R.C) 12-1-2016-ലെ ഉത്തരവുപ്രകാരം BDPP നിലയത്തിലെ കേടായ രണ്ട് ഡീസൽ ജനറേറ്റർ എൻജിനുകൾ മാറ്റി വാതകാധിഷ്ഠിത ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് മൂലധന നിക്ഷേപം നടത്തുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ താഴെ പറയുന്ന കാര്യങ്ങൾ നിരത്തി തിരസ്കരിക്കുകയുണ്ടായി.

1322/2017.

LIBRARY ARCHIVES Kerala Legislative Assembly

1. വരുന്ന അഞ്ചു വർഷക്കാലയളവിലേയ്ക്ക് വർഷന്തോറുമുള്ള പ്രതീക്ഷിത വൈദ്യുതി ലഭ്യതയും വിതരണവും തമ്മിലുള്ള അന്തരം കണക്കിലെടുത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡ് കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും വൈദ്യുതി വ്യാപാരികളിൽ നിന്നും ഉല്പാദകരിൽ നിന്നും സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുള്ള ദീർഘകാല കരാറിലേർപ്പെട്ടിരിക്കുന്നുവെന്നും അതിനാൽ സംസ്ഥാനത്തിനു നികത്താൻ കഴിയുന്ന വൈദ്യുതി കമ്മി മാത്രമേ വരുംനാളുകളിൽ ഉണ്ടാകാൻ സാധ്യതയുള്ളുവെന്നും വൈദ്യുതി എക്സ്ചേഞ്ചുകളിൽ നിന്നും short term market-ൽ നിന്നും പീക്ക് സമയത്ത് 5 രൂപയിൽ താഴെ നിരക്കിൽ വൈദ്യുതി ലഭിക്കുമെന്നും ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന് അടുത്ത അഞ്ചു വർഷത്തേയ്ക്ക് ഇപ്പോൾ കരാറിലേർപ്പെട്ടിരിക്കുന്ന ദീർഘകാലകരാറുകൾ പ്രകാരമുള്ള വൈദ്യുതി ലഭ്യമാകുമെന്നതിനാൽ കൂടുതൽ വൈദ്യുതി ദീർഘകാല കരാർ മുഖേന ആവശ്യം വരില്ലെന്ന നിഗമനത്തിലാണ് കമ്മീഷൻ ഒന്നാമതായി എത്തിച്ചേർന്നത്.

2. നിർദ്ദിഷ്ട വാതകാധിഷ്ഠിത പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ കണക്കാക്കിയിട്ടുള്ള വേരിയബിൾ ചാർജ്ജ് (variable charge) സംസ്ഥാനത്തിന് മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന വൈദ്യുതിയുടെ നിരക്കിനെ അപേക്ഷിച്ച് വളരെ കൂടുതലാണെന്ന നിഗമനത്തിലാണ് കമ്മീഷൻ രണ്ടാമതായി എത്തിച്ചേർന്നത്.

3. നിർദ്ദിഷ്ട വാതകാധിഷ്ഠിത നിലയത്തിന് രാജ്യത്തിനകത്തുനിന്ന്, വാതകം ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്നും, ഈ പദ്ധതിക്കു വേണ്ടി ഇലക്ട്രിസിറ്റി ബോർഡ് GAIL, BPCL, IOC മുതലായ കമ്പനികളിലേതെങ്കിലും ഒന്നുമായി ഒപ്പിടേണ്ടി വരുന്ന വാതക വിതരണ കരാറിലെ 'Take or Pay' വ്യവസ്ഥ കാരണവും GAIL-ഉം ആയി ഒപ്പിടേണ്ടി വരുന്ന 'Gas Transport Agreement'-ലെ 'Ship or Pay' വ്യവസ്ഥമൂലവും വാതകം എടുത്താലും ഇല്ലെങ്കിലും ഇന്ധനവില കൊടുക്കേണ്ടതായ സാഹചര്യം ഉണ്ടാകുമെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ടി ഉത്തരവ് മൂലം ടി പദ്ധതി തൽക്കാലം നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ആഗോള കമ്പോളത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെയും ഗ്യാസിന്റെയും വിലയിൽ കുറവ് വന്ന സാഹചര്യത്തിൽ 'Take or Pay' വ്യവസ്ഥയിൽ ഇളവ് വരുത്താമെന്നും, വേരിയബിൾ ചാർജ്ജിൽ ഗണ്യമായ കുറവ് സാദ്ധ്യമാണെന്നും പെട്രോനെറ്റ് LNG സൂചിപ്പിട്ടുണ്ട്. പുതുക്കിയ സാഹചര്യത്തിൽ ഈ ഉത്തരവ് റിവ്യൂ ചെയ്യാൻ കെ.എസ്.ഇ.ആർ.സി.-യോട് ആവശ്യപ്പെടാൻ കെ.എസ്.ബി.എൽ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly